## പുനലൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ

96 (2195) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുനലൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ വികസനത്തിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇപ്പോൾ നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) 2006 മേയ് മാസം 54 സർവ്വീസും 59 ബസ്സുമാണ് പുനലൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഉണ്ടായിരുന്നത്. ഇപ്പോൾ റെയിൽ ഗതാഗതം നിറുത്തിവച്ചിരിക്കുന്നതുകാരണം അധികമായി തെങ്കാശിയിലേക്കും ആര്യൻകാവിലേക്കും ഓടിക്കുന്ന മൂന്ന് സർവ്വീസുകൾ ഉൾപ്പെടെ 69 ഷെഡ്യൂളുകൾ പുനലൂർ യൂണിറ്റിൽ നിലവിലുണ്ട്. ഇവയ്ക്കായി 78 ബസ്സുകളും ക്രമീകരിച്ചിട്ടുണ്ട്. പുനലൂർ യൂണിറ്റിൽ പുതുതായി സജ്ജീകരിച്ച യാർഡും, പഴയ യാർഡും സോളിംഗ് മെറ്റലിംഗ് ചെയ്ത് ടാർ ചെയ്യുന്നതിനുള്ള കരാർ നൽകി. മെറ്റീരിയൽസ് സ്റ്റോക്ക് ചെയ്തുകഴിഞ്ഞു. പണി ഉടൻ ആരംഭിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.യുടെ പക്കലുള്ള സ്ഥലത്തിന് ഉടമസ്ഥാവകാശം നേടുന്നതിന് നടപടികൾ

97 (2196) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്.ആർ.ടി.സി. ക്ക് സംസ്ഥാനത്തൊട്ടാകെ എത്ര ഏക്കർ ഭൂമിയാണ് സ്വന്തമായിട്ടുള്ളത് എന്നറിയിക്കുമോ ;

(ബി) ഇതിൽ എത്ര ഏക്കർ സ്ഥലത്തിനാണ് പട്ടയം ലഭിച്ചിട്ടുള്ളത് ;

(സി) ബാക്കിയുള്ള സ്ഥലത്തിന് കെ.എസ്.ആർ.ടി.സി.യുടെ പേരിൽ പട്ടയം ലഭ്യമാക്കുന്നതിന് എന്തൊക്കെ സാങ്കേതിക തടസ്സങ്ങളാണ് നിലനിൽക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) കെ.എസ്.ആർ.ടി.സി. യുടെ പക്കലുള്ള എല്ലാ സ്ഥലത്തിനും ഉടമസ്ഥാവകാശം നേടുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്നറിയിക്കുമോ ?

ഉത്തരം

(എ) നിലവിൽ ലഭ്യമായ രേഖകൾ പ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ കൈവശം 408 ഏക്കർ 44 സെന്റ് ഭൂമിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly